LIBRARY ARCHIVES Kerala Legislative Assembly

സ്കൂളുകളിൽ "ഉണർവ്" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസുകളിൽ "നേർക്കൂട്ടം" എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ ' ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾക്ക് രൂപം നൽകിയിട്ടുണ്ട്. ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ശരിയായ അവബോധം നൽകുന്നതിനായി വിവിധ പരിപാടികൾ തയ്യാറാക്കി വിമുക്തി ചാനൽ വഴിയും നവ മാധ്യമങ്ങൾവഴിയും പ്രചരിപ്പിച്ച് വരുന്നു. ലഹരിക്കെതിരെ കാലിക പ്രസക്തിയുള്ള വിവിധ വിഷയങ്ങളിൽ വിവിധ രംഗങ്ങളിലുള്ള വിദഗ്ധരെ ഉൾപ്പെടുത്തി എല്ലാ മാസവും വെബിനാറുകൾ ഉൾപ്പെടെയുള്ള പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

(സി) കോവിഡ് ലോക്ക്ഡൗൺ കാലത്ത് കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം കൂടിവരുന്ന സാഹചര്യത്തിൽ ഇത്തരം ലഹരി വസ്തുക്കളുടെ വ്യാപനവും ഉപയോഗവും തടയാൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കോവിഡ് ലോക്ക്ഡൗൺ കാലത്ത് കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം കൂടി വരുന്നതായി തെളിഞ്ഞിട്ടില്ല. എന്നിരുന്നാലും ലഹരി വസ്തുക്കളുടെ വ്യാപനവും ഉപയോഗവും തടയുന്നതിനായി ഇവ സംബന്ധിച്ചുള്ള രഹസ്യ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് എക്സൈസ് ഇന്റലിജൻസ് വിഭാഗം പ്രവർത്തിച്ചുവരുന്നു. കഞ്ചാവ് ഉൾപ്പെടെയുള്ള മറ്റ് ലഹരി വസ്തുക്കളുടെ വ്യാപനവും ഉപയോഗവും തടയുന്നതിന് സ്കൂൾ/കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിച്ച് ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. പ്രാദേശികമായി ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി പഞ്ചായത്ത്/വാർഡ് തലങ്ങളിൽ ലഹരി വിരുദ്ധ നിയന്ത്രണ സമിതികൾ രൂപീകരിച്ച് ബോധവത്കരണ പരിപാടികളും പ്രാദേശികമായി വിവരങ്ങൾ ശേഖരിച്ച് ലഹരി മാഫിയയ്ക്കെതിരെ ശക്തമായ നിയമ നടപടികളും സ്വീകരിച്ചുവരുന്നു.

കോന്നി മെഡിക്കൽ കോളേജിൽ ലഹരി വിമുക്തി കേന്ദ്രം

381 (381) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി മണ്ഡലത്തിലെ കോന്നി മെഡിക്കൽ കോളേജിൽ അനുവദിച്ച ലഹരി വിമുക്തി കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി തുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കോന്നി മെഡിക്കൽ കോളേജിൽ ലഹരി വിമുക്തി കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ലഭ്യമായിട്ടുണ്ട്. നിലവിൽ എല്ലാ ജില്ലകളിലും ഓരോ ഡീ-അഡിക്ഷൻ സെന്ററുകളാണ് പ്രവർത്തിച്ചുവരുന്നത്. എല്ലാ ജില്ലകളിലും 2 ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നമുറയ്ക്ക് കോന്നി മെഡിക്കൽ കോളേജിലും ഡീ-അഡീക്ഷൻ സെന്റർ ആരംഭിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)